

# BRENNEN

## JOURNAL OF MULTIDISCIPLINARY STUDIES

EDITOR : Dr.M LINEESH

PEER REVIEWED

VOLUME 13, 2018

GOVT. BRENNEN COLLEGE

DHARMADAM, THALASSERY- 670106

# CONTENTS


**INTRODUCTION TO CATEGORY THEORY**
ABOOBACKER. P, ABDUL JALEEL. VK — 7-11

**THE "TOPOLOGICAL" PROOF OF THE INFINITUDE OF PRIMES**
RAJISH KUMAR P, SNATHOSH G.O, RAJEEVAN P — 12-14

**ON PRODUCT AND QUOTIENTS OF STRONGLY CONNECTED G-SPACES**
SANTHOSH P.K., NANDAKUMAR M, VINODAN P.K — 15-17

**MATROID THEORY**
RAJISH KUMAR P, SNATHOSH G.O, RAJEEVAN P — 18-23

**TUTTEL POLINOMIAL**
ABOOBACKER P, ABDUL JALEEL VK — 24-26

**സാഹിത്യജനുസ്സുകളുടെ ജ്ഞാനലോകം**
ഡോ. സന്തോഷ് മാനിച്ചേരി — 27-30

**വസ്തുക്കളുടെ കാവ്യജീവിതം**
ഡോ. സിന്ധു.കെ.വി — 31-33

**സംസ്കാരവും ഭക്ഷണവും**
എൻ. രജനി — 34-39

**കാർഷിക ബന്ധത്തിലെ പെണ്മയുടെ പരിണാമങ്ങൾ**
ഡോ. പ്രജിത പി — 40-44

**തുറന്ന അരങ്ങിന്റെ സാമൂഹികപ്രതിബദ്ധത സഫ്ദർ ഹാഷ്മിയുടെ ഹല്ലാബോലിനെ മുൻനിർത്തിയുള്ള അന്വേഷണം.**
ഡോ. സിനുമോൾ തോമസ് — 45-50

**ലിംഗനീതിക്കുവേണ്ടിയുള്ള പെൺ പോരാട്ടങ്ങൾ ശ്രീജ.കെ.വി.യുടെ നാടകത്തിൽ**
ഡോ. അജിത ചെമ്പൻ — 51-59

**SOCIAL PHILOSOPHY OF SIR MUHAMMED IQBAL**
(Based on the studies of Prof.B.Sheikh Ali)
SEMEENABI K K — 60-64

# വസ്തുക്കളുടെ കാവ്യജീവിതം

**ഡോ. സിന്ധു.കെ.വി**
അസിസ്റ്റന്റ് പ്രൊഫസർ
സി.എ.എസ് കോളേജ് മാടായി

**പ്രബന്ധ സംഗ്രഹം**

സൈബർ സ്പേസിലെ പുതുകവിതയിൽ വസ്തുക്കൾ വിന്യസിക്കപ്പെടുന്നതിനെക്കുറിച്ചാണ് ഇവിടെ അന്വേഷിക്കുന്നത്. വസ്തുലോകവും കവിതയും തമ്മിലുള്ള വിനിമയങ്ങൾ രൂപപ്പെടുത്തുന്ന അർത്ഥങ്ങൾ എന്തൊക്കെയാണെന്ന്. മലയാളത്തിലെ പുതുകവിതയെ ആധാരമാക്കി വിശദീകരിക്കുന്നു.

**സങ്കല്പനപദങ്ങൾ**

വസ്തു, സൈബർ ഇടം,

സങ്കേതങ്ങൾ മാനുഷീകരിക്കപ്പെട്ട തലമുറയിൽ ഭാഷ ഒരു വൈകാരിക കേന്ദ്രം മാത്രമല്ല, കവിതയിൽ പ്രത്യേകിച്ചും. യന്ത്രം മനുഷ്യാവയവങ്ങളുടെ തുടർച്ച തന്നെയെന്ന് വാൾട്ടർ ബെഞ്ചമിൻ പറയുന്നുണ്ട് (1936). പലപ്പോഴും വൈകാരികതയുടെ ക്ഷേത്രങ്ങളെ കവിതയ്ക്കു പുറത്തു നിർത്തിക്കൊണ്ടാണ് സാങ്കേതികഭാഷയെ കവിത സ്വീകരിക്കുന്നത്. ഇത്തരമൊരു സാങ്കേതിക ഭാഷയിൽ പ്രകൃതി എന്നത് സൈഡ് മിററിലൂടെ പിറകോട്ട് പായുന്ന നൊടിയിടയിലെ കാഴ്ച മാത്രമാവാം. പ്രണയത്തിന്റെ രൂപകങ്ങൾ ചാറ്റ് വിൻഡോയിലൂടെ പ്രവഹിക്കുന്ന പലതരം സ്മൈലികൾ ആവാം. ഓർമ്മയും മറവിയും കളഞ്ഞുപോയ മെമ്മറികാർഡുപോലെ അവതരിക്കപ്പെടാം. ഉടന്തടിയായ അത്തരം അനുഭവങ്ങളുടെ തിളക്കം സൈബർസ്പേസിലെ കവിതയെ പുതുതാക്കിനിർത്തുന്നു (http:/www.thirakavitha.in/2016/06).

*എനിക്കുപേടിയാണ് അവളുടെ ശരീരം*
*എന്ന ബോർഡ് കിടയ്ക്കയ്ക്ക്*
*മുകളിൽ തൂക്കിയിട്ട് തൊലിപ്പുറമാകെ*
*റീചാർജ്ജ് കൂപ്പണുകളുള്ള*
*ഇയാൾ ഉറങ്ങാൻ ശ്രമിക്കുന്നു*

(എം ആർ വിഷ്ണുപ്രസാദ്, ഇയാൾ/അയാൾ,2016)

യന്ത്രങ്ങളിലൂടെ മാത്രം വികാരവിനിമയങ്ങൾ സാധ്യമാവുന്ന അയാൾക്ക് അവളുടെ ശരീരത്തെ ഭയമുണ്ട്. എന്നാൽ യന്ത്രസഹായത്താലാണ് അയാൾക്ക് ലൈംഗികത പോലും സാധ്യമാകുന്നത്

പുറകിൽ നിന്നും /കഴുത്തിൽ കത്തിവെച്ച്/വാഷിങ് മെഷീൻ/ഇരിക്കുവാൻ ആംഗ്യം കാണിച്ചു/

മറ്റുവഴികളില്ല/ഞാനിരുന്നു/ഫ്രിഡ്ജ്/നെഞ്ചു തുറന്ന്/തണുത്ത ബിയർ/പൊട്ടിച്ചുതന്നു/വേണ്ടെന്നു കാണിച്ചു/ഗ്യാസ്സ്റ്റൗ/ഒരു സിഗരറ്റ്/കത്തിച്ചു തന്നു/യന്ത്രങ്ങൾക്കൊപ്പം/പുകയൂതി.( മാറ്റിയെഴുതുന്നു, മാറ്റിമാറ്റിയെഴുതുന്നു, (അരുൺ പ്രസാദ്, 2015)